# പതിമൂന്നാം കേരള നിയമസഭ

## പത്താം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ - 2465

23-01-2014-ൽ മറുപടിക്ക്

## അക്ഷയ കേന്ദ്രങ്ങൾ തുടങ്ങുന്നതിനുള്ള നടപടിക്രമങ്ങൾ

| ചോദ്യം | | ഉത്തരം |
|---|---|---|
| ശ്രീ. പി.കെ. ബഷീർ | | ശ്രീ. പി.കെ. കുഞ്ഞാലിക്കുട്ടി (വ്യവസായവും വിവര സാങ്കേതികവും വകുപ്പ് മന്ത്രി) |
| (എ) സംസ്ഥാനത്ത് നിലവിൽ ഓരോ പഞ്ചായത്തിലും എത്ര വീതം പുതിയ അക്ഷയ കേന്ദ്രങ്ങൾക്കാണ് അനുമതി നൽകിയിട്ടുള്ളത്; വിശദമാക്കുമോ; | (എ) | 30/04/2005 തീയതിയിലെ G.O.(MS) No. 19/05/ITD സർക്കാർ ഉത്തരവ് പ്രകാരം ഗ്രാമപഞ്ചായത്തുകൾക്ക് 2-ഉം, മുനിസിപ്പാലിറ്റികൾക്ക് 6- ഉം, കോർപ്പറേഷനുകൾക്ക് 8-10 ഉം വീതമെന്ന കണക്കിലുമാണ് അക്ഷയ കേന്ദ്രങ്ങൾ അനുവദിക്കുന്നത്. എന്നാൽ ഭൂവിസ്തൃതിയുടെയും ജനസംഖ്യയുടെയും അടിസ്ഥാനത്തിൽ ബന്ധപ്പെട്ട പഞ്ചായത്തിന്റെയും അക്ഷയ ഡയറക്ടറുടെയും ശുപാർശയുടെ അടിസ്ഥാനത്തിൽ പുതിയ അക്ഷയ കേന്ദ്രങ്ങൾ അനുവദിക്കാറുണ്ട്. എന്നാൽ മലപ്പുറം ജില്ലയിൽ പുതിയ അക്ഷയ കേന്ദ്രങ്ങൾ അനുവദിച്ച അവസരത്തിൽ ഗ്രാമപഞ്ചായത്തിൽ 4 അക്ഷയ കേന്ദ്രങ്ങൾ വരെ അനുവദിച്ചിട്ടുണ്ട്. |
| (ബി) നിലവിൽ പല സർട്ടിഫിക്കറ്റുകളും അക്ഷയ കേന്ദ്രങ്ങൾ വഴി ലഭ്യമാക്കുന്ന സാഹചര്യത്തിൽ പുതിയ അക്ഷയ കേന്ദ്രങ്ങൾ തുടങ്ങുന്നതിന് നടപടി സ്വീകരിച്ചിട്ടുണ്ടോ; | (ബി) & (സി) | ഉണ്ട്. |
| (സി) ഇല്ലെങ്കിൽ അതിനുള്ള നടപടി സ്വീകരിക്കുമോ; വ്യക്തമാക്കുമോ; | | |
| (ഡി) പുതിയ അക്ഷയ കേന്ദ്രങ്ങൾക്ക് അനുമതി നൽകുന്നതിനുള്ള നടപടി ക്രമങ്ങൾ എന്തെല്ലാമാണെന്ന് വിശദമാക്കുമോ? | (ഡി) | 30-04-2005 തീയതിയിലെ G.O.(MS) No 19/05/ITD എന്ന ഉത്തരവിൻ പ്രകാരമാണ് പുതിയ അക്ഷയ സെന്ററുകൾ അനുവദിക്കുന്നത്. |

സെക്ഷൻ ഓഫീസർ.